# കേരള സർക്കാർ

## സംഗ്രഹം

ശ്രീ. ഐ. വി. മൈക്കിൾ, റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ (റിട്ടയേഡ്) - ൽ നിന്നും പിടിച്ചെടുത്ത തുക തിരികെ നൽകുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

## ധനകാര്യ (സ്ട്രീംലൈനിംഗ്) വകുപ്പ്

സ.ഉ.(സാധാ) നമ്പർ. 5332/18/ധന. തീയതി, തിരുവനന്തപുരം, 23.06.2018.

---

പരാമർശം :- (1) 29.3.2016 - ലെ 10887/എ 1/15/വിജി നമ്പർ സർക്കാർ കത്ത്.

(2) 20.5.2016 - ലെ ദക്ഷിണ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ എ/5143/എസ്.ഇസഡ്/2012 - ാം നമ്പർ കത്ത്.

(3) ട്രാൻസ്പോർട്ട് കമ്മീഷണറുടെ 07.12.2016, 06.05.2017, 20.2.2018 എന്നീ തീയ്യതികളിലെ ജി3/7298/റ്റിസി/2016 -ാം നമ്പർ കത്തുകൾ.

## ഉത്തരവ്

വിജിലൻസ് ആന്റ് ആന്റി കറപ്ഷൻ ബ്യൂറോ, 25.11.2016 - ൽ കൊല്ലം റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസിൽ നടത്തിയ മിന്നൽ പരിശോധനയിൽ ശ്രീ. ഐ. വി. മൈക്കിളിൽ നിന്നും പിടിച്ചെടുത്ത 44,785/- രൂപ പരാമർശം (1) - ലെ കത്തു പ്രകാരം ഇദ്ദേഹത്തിനു തിരികെ നൽകുന്നതിന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ, തിരുവനന്തപുരം ഫോർട്ട് പ്രിൻസിപ്പൽ സബ് ട്രഷറിയിൽ സൂക്ഷിച്ചിരിക്കുന്ന പ്രസ്തുത തുകയുടെ ഒറിജിനൽ രസീത് ശ്രീ. പി.എസ്. ജോസ്, ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ (റിട്ടയേഡ്) - ന്റെ പക്കൽ നിന്നും നഷ്ടമായെന്നും ഇദ്ദേഹം മരണപ്പെട്ടതിനാൽ തിരികെ ലഭിക്കാൻ സാദ്ധ്യമല്ലായെന്നും പരാമർശം (2) - ലെ കത്തു പ്രകാരം ദക്ഷിണ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത തുക ബന്ധപ്പെട്ട ട്രഷറിയിൽ നിന്നും തിരികെ ലഭിയ്ക്കുന്നതിനാവശ്യമായ നിർദ്ദേശം നല്കണമെന്ന് ട്രാൻസ്പോർട്ട് കമ്മീഷണർ പരാമർശം (3) - ലെ കത്തുകൾ പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

സർക്കാർ ഈ വിഷയം പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ, തിരുവനന്തപുരം ഫോർട്ട് പ്രിൻസിപ്പൽ സബ് ട്രഷറിയിൽ സൂക്ഷിച്ചിട്ടുള്ള മേൽ സൂചിപ്പിച്ചിരിക്കുന്ന 44,785/- രൂപ, അസ്സൽ രസീത് തിരികെ ലഭിക്കുവാൻ കഴിയാത്ത വിധം നഷ്ടപ്പെട്ടതായി ദക്ഷിണ മേഖല ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണറുടെ സത്യവാങ്മൂലം ഒപ്പിട്ട് വാങ്ങിയശേഷം, തിരികെ നൽകുന്നതിന് ഫോർട്ട് പ്രിൻസിപ്പൽ സബ്ട്രഷറി ഓഫീസർക്ക് കേരള ട്രഷറി കോഡ് വാല്യം 1, ചട്ടം 158(1) - ന് ഇളവു വരുത്തി അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

ഗവർണറുടെ ഉത്തരവിൻ പ്രകാരം,

**സുരേഷ് കുമാർ. ഒ. ബി,**

അണ്ടർ സെക്രട്ടറി (ധനകാര്യം)

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ / ജി & എസ്.എസ്.എ), കേരള, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ. എസ്.എ), കേരള, തിരുവനന്തപുരം.
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം.
ട്രാൻസ്പോർട്ട് കമ്മീഷണർ, തിരുവനന്തപുരം.
ഡെപ്യൂട്ടി ട്രാൻസ്പോർട്ട് കമ്മീഷണർ, സൗത്ത് സോൺ, തിരുവനന്തപുരം.
പ്രിൻസിപ്പൽ സബ് ട്രഷറി ഓഫീസർ, ഫോർട്ട്, തിരുവനന്തപുരം.
നോഡൽ ഓഫീസർ, www.finance.kerala.gov.in
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം,

സെക്ഷൻ ഓഫീസർ.